(ഡി) ദേശീയ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭ്യമല്ല.

(ഇ) ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള നിക്ഷേപത്തിന്റെ തോത് അനുസരിച്ചാണ് പെൻഷൻ തുക നിശ്ചയിക്കപ്പെടുന്നത്.

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.* ദേശീയ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഇല്ല.

നികുതിയിളവ്

83 (1908) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മേഖലകളിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതിയിളവ് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.ടി., ലക്ഷ്വറി ടാക്സ്, മോട്ടോർ വാഹന നികുതി, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധമായി* ചേർക്കുന്നു. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

84 (1909) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പാസാക്കി നൽകിയ തുക എത്രയായിരുന്നു ; ഓരോ വകുപ്പും തനതു വർഷം ചെലവഴിച്ച തുകയും എത്രയായിരുന്നു ; ശതമാനകണക്കുൾപ്പെടെ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ ഓരോ വകപ്പിനും പാസാക്കി നൽകിയ തുക എത്രയെന്ന് പറയാമോ ; 31-10-2015 വരെ എത്ര ശതമാനം തുകയാണ് ഓരോ വകപ്പും ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഓരോ ധനാഭ്യർത്ഥനയിലും വിവിധ വകപ്പുകൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ശതമാനക്കണക്കുൾപ്പെടെ അനുബന്ധം* 1 ആയി ചേർക്കുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയിലും വിവിധ വകപ്പുകൾക്കായി പാസ്സാക്കി നൽകിയ തുകയും ഇതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2015 സെപ്റ്റംബർ വരെ ചെലവഴിച്ച തുകയുടെ ശതമാനവും അനുബന്ധം 2* ആയി ചേർക്കുന്നു.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

85 (1911) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെകീഴിലുള്ള വകപ്പുകളിൽ ഓരോ വകപ്പിലും എത്ര രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ; ഇതിൽ ഓരോ വകപ്പിലും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാതെ പോയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരണം നൽകുമോ ?

ഉത്തരം

(എ) അനുബന്ധം 1-ൽ* ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ബി) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാതെ പോയ സാഹചര്യം പരിശോധിക്കുകയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുന്ന അവലോകന യോഗത്തിലും മന്ത്രിമാർ നടത്തുന്ന യോഗത്തിലും ബഡ്ജറ്റിൽ വകയിരുത്തുന്നതുക വിനിയോഗിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുവരുന്നു. കൂടാതെ, 2014-15 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കപ്പെടാതെ വരുന്ന തുകകൾ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly